**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. മുരളി പെരുനെല്ലി** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവയും ഇവയെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന തീരദേശറോഡുകളും ഉയർന്ന നിലവാരത്തോടെ മെച്ചപ്പെടുത്തുന്നതിനുതകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഫിഷിംഗ് ഹാർബറുകൾ, ലാന്റിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയ, തീരദേശ റോഡുകളുമായി ബന്ധിപ്പിക്കുന്നതിന് വിവിധ ജില്ലകളിലായി പദ്ധതികൾ നടപ്പാക്കി വരുന്നു. വിശദ വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | മീൻപിടുത്ത ഹാർബറുകളുടെ പരിപാലനത്തിനും നവീകരണത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കേന്ദ്രാവിഷ്കൃത പദ്ധതികൾ, കിഫ്ബി, നബാർഡ്, ഓഖി ഡെവലപ്മെന്റ് പാക്കേജ് തുടങ്ങിയവ പ്രകാരം വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. വിശദ വിവരം അനുബന്ധം IIആയി ചേർക്കുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എസ്.പി.വി. ആയി ആലപ്പുഴ ജില്ലയിലെ ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (97.43 കോടി രൂപ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തിക്കും (112.18 കോടി രൂപ) കിഫ്ബിയിൽ നിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്. ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തി ഏർപ്പാടാക്കി വരുന്നു. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബറിന് 09/01/21 ന് കരാറിൽ ഏർപ്പെട്ട പ്രകാരം പുലിമുട്ട് നിർമ്മാണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പരപ്പനങ്ങാടി, ചെത്തി ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണ പ്രവൃത്തിയ്ക്ക് യഥാക്രമം 11221.80 ലക്ഷം രൂപയുടെയും 9743.00 ലക്ഷം രൂപയുടെയും അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പരപ്പനങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നു. ചെത്തി ഫിഷിംഗ് ഹാർബർ നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നബാർഡ് ആർ.ഐ.ഡി.എഫ്. 22 ൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ റാത്തിക്കൽ, കൊല്ലം ജില്ലയിലെ ചില്ലക്കൽ, ആലപ്പുഴ ജില്ലയിലെ പ്രായിക്കര എന്നിവിടങ്ങളിൽ ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മിക്കുന്നതിനായി 17.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടി പുരോഗമിച്ചുവരുന്നു.

കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്ത് 51 മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | മത്സ്യമാർക്കറ്റ് | ജില്ല | പദ്ധതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | പുത്തൻചന്ത | തിരുവനന്തപുരം | 215.38539 |
| 2 | പുന്നമൂട് | തിരുവനന്തപുരം | 378.63967 |
| 3 | പഴയകുന്നുമേൽ | തിരുവനന്തപുരം | 299.99876 |
| 4 | നിലക്കാമുക്ക് | തിരുവനന്തപുരം | 134.91832 |
| 5 | വക്കം | തിരുവനന്തപുരം | 167.90824 |
| 6 | കടക്കാവൂർ | തിരുവനന്തപുരം | 227.71619 |
| 7 | വാമനപുരം | തിരുവനന്തപുരം | 368.84897 |
| 8 | നടുക്കാട് | തിരുവനന്തപുരം | 213.86796 |
| 9 | വിളവൂർക്കൽ | തിരുവനന്തപുരം | 96.70713 |
| 10 | പൂന്തുറ | തിരുവനന്തപുരം | 210.09241 |
| 11 | നെയ്യാറ്റിൻകര | തിരുവനന്തപുരം | 404.49861 |

| | | | |
|---|---|---|---|
| 12 | പനച്ചമൂട് | തിരുവനന്തപുരം | 462.82834 |
| 13 | കാഞ്ഞിരംകുളം | തിരുവനന്തപുരം | 207.37060 |
| 14 | തങ്കശ്ശേരി | കൊല്ലം | 214.77755 |
| 15 | കടപ്പാക്കട | കൊല്ലം | 150.09193 |
| 16 | പള്ളിമുക്ക് | കൊല്ലം | 165.26970 |
| 17 | മൂന്നാംകുറ്റി | കൊല്ലം | 140.40762 |
| 18 | സൗത്ത് പരവൂർ | കൊല്ലം | 183.48937 |
| 19 | പാരിപ്പള്ളി | കൊല്ലം | 264.57615 |
| 20 | കൊട്ടിയം | കൊല്ലം | 194.60153 |
| 21 | ചാത്തന്നൂർ | കൊല്ലം | 457.41887 |
| 22 | കടയ്ക്കൽ | കൊല്ലം | 326.09 |
| 23 | ശാസ്താംകോട്ട | കൊല്ലം | 185.20234 |
| 24 | കിഴക്കേകെല്ലട | കൊല്ലം | 195.41583 |
| 25 | കാവനാട് | കൊല്ലം | 210.06476 |
| 26 | ആലുംമൂട് | കൊല്ലം | 148.89638 |
| 27 | അഞ്ചൽ | കൊല്ലം | 387.74198 |
| 28 | പുനലൂർ | കൊല്ലം | 540.09912 |
| 29 | പുത്തൂർ | കൊല്ലം | 255.29473 |
| 30 | കൊട്ടാരക്കര | കൊല്ലം | 439.70813 |
| 31 | കുലശേഖരപുരം | കൊല്ലം | 290.50111 |
| 32 | പത്തനാപ്പുരം | കൊല്ലം | 154.69335 |
| 33 | അടൂർ | പത്തനംതിട്ട | 231.51747 |
| 34 | കുമ്പഴ | പത്തനംതിട്ട | 201.79758 |
| 35 | കൂടൽ | പത്തനംതിട്ട | 155.78408 |
| 36 | മണ്ണാഞ്ചേരി | ആലപ്പുഴ | 147.40081 |
| 37 | ചെത്തി | ആലപ്പുഴ | 137.00985 |
| 38 | താമരകുളം | ആലപ്പുഴ | 210.35648 |

| | | | |
|---|---|---|---|
| 39 | മാങ്കാംകുഴി | ആലപ്പുഴ | 147.49510 |
| 40 | കരീപ്പുഴ | ആലപ്പുഴ | 147.47872 |
| 41 | ചേർത്തല | ആലപ്പുഴ | 259.98733 |
| 42 | ഇടക്കൊച്ചി | എറണാകുളം | 135.71063 |
| 43 | നായരംബലം | എറണാകുളം | 243.85828 |
| 44 | ചാലക്കുടി | തൃശ്ശൂർ | 296.66087 |
| 45 | കുന്നംകുളം | തൃശ്ശൂർ | 413.59470 |
| 46 | പൊന്നാനി | മലപ്പുറം | 141.00176 |
| 47 | വെള്ളയിൽ | കോഴിക്കോട് | 309.17029 |
| 48 | ന്യൂ മാഹി | കണ്ണൂർ | 109.87502 |
| 49 | കണ്ണപുരം | കണ്ണൂർ | 99.39688 |
| 50 | പഴയങ്ങാടി | കണ്ണൂർ | 126.51455 |
| 51 | കാഞ്ഞങ്ങാട് | കാസർഗോഡ് | 249.79795 |
| | ആകെ | | 12057.52939 |

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള റോഡ് പ്രവൃത്തികളുടെ വിശദാംശം**

| | |
|---|---|
| തിരുവനന്തപുരം | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തെ പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുന്ന റോഡുകൾ നവീകരിച്ചിട്ടുണ്ട്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പി.ഡബ്ല്യൂ.ഡി റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ നവീകരണം പുരോഗമിച്ച് വരുന്നു.<br><br>വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിലെ സീവേർഡ് ബ്രേക്ക്‌വാട്ടർ പി.ഡബ്ല്യൂ.ഡി. റോഡുമായി ബന്ധിപ്പിക്കുന്ന 1.8 കി.മീ. നീളമുള്ള ആഴാകുളം ഹാർബർ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 347.5 ലക്ഷം രൂപ ചെലവിലും, ലീവേർഡ് ബ്രേക്ക്‌വാട്ടർ പി.ഡബ്ല്യൂ.ഡി. റോഡുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 65.4 ലക്ഷം രൂപ ചെലവിലും BM&BC റോഡായി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ പി.ഡബ്ല്യൂ.ഡി. റോഡുമായി ബന്ധിപ്പിക്കുന്ന 1.75 കി.മീ. നീളമുള്ള ശിങ്കാരത്തോപ്പ് മുതലപ്പൊഴി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിയ്ക്ക് 123.7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പ്രവർത്തി പുരോഗമിച്ചുവരുന്നു. |

| | |
|---|---|
| കൊല്ലം | ശക്തികുളങ്ങര, നീണ്ടകര ഫിഷറി ഹാർബറുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>നബാഡ് XXVI പദ്ധതിയിൽ ഉൾപ്പെടുത്തി ശക്തികുളങ്ങര, നീണ്ടകര, തങ്കശ്ശേരി, കായംകുളം ഹാർബറുകളുടെ വികസനത്തിനായി 57.44 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ഇതിൽ ശക്തികുളങ്ങര ഹാർബറിനെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള റോഡ് പ്രവൃത്തിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതനുസരിച്ച് പ്രവൃത്തി പുരോഗമിച്ചു വരുന്നു.<br><br>നീണ്ടകര ഫിഷിംഗ് ഹാർബറിനെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള BM&BC റോഡിന്റെ 146 ലക്ഷം രൂപ എസ്റ്റിമേറ്റ് വരുന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| ആലപ്പുഴ | 3. **പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ**<br><br>ദേശീയപാതയിൽ നിന്നും പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ വരെ ഏകദേശം 1.20 കിലോമീറ്റർ നിളമുള്ള പി.ഡബ്ല്യൂ.ഡി റോഡ് നിലവിൽ സഞ്ചാരയോഗ്യമാണ്.<br><br>4. **തോട്ടപ്പള്ളി ഹാർബർ**<br><br>ദേശീയപാതയിൽ നിന്നും തോട്ടപ്പള്ളി ഹാർബറിലേക്ക് ഏകദേശം 1.10 കി. മീറ്റർ നീളമുള്ള റോഡ് പുനരുദ്ധാരണത്തിനായി തീരദേശ റോഡുകളുടെ പുനരുദ്ധാരണം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 1,95,00,000/- രൂപയുടെുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.<br><br>**5. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്റർ**<br><br>വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിലേക്ക് എൻ.എച്ച് ൽ നിന്നും 10 കി.മീ ദൂരമാണുള്ളത്. ഇതിൽ 2.5 കി.മീ. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തീരദേശ റോഡും 7.5 കി.മീ. പി.ഡബ്ല്യൂ.ഡി റോഡും നിലവിൽ സഞ്ചാരയോഗ്യമാണ്.<br><br>**6. കായംകുളം ഹാർബർ**<br><br>കായംകുളം ഹാർബറിൽ നിന്നും ഓച്ചിറ വരെ ദേശീയപാതയിലേക്ക് |

| | |
|---|---|
| | ഏകദേശം 8 കി.മീ. നീളമുള്ള പി.ഡബ്ല്യൂ.ഡി റോഡ് നിലവിൽ സഞ്ചാരയോഗ്യമാണ്. |
| തൃശ്ശൂർ | ചേറ്റുവ ഹർബറിൽ നിന്നും ദേശീയ പാതയിലേക്കുള്ള റോഡ് (82.00 ലക്ഷം) ഉയർന്ന നിലവാരത്തോടെയാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഹാർബറുകളിൽ നിന്നും ദേശീയ പാതയിലേക്കുള്ള റോഡിൽ (BM&BC) നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ നിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| മലപ്പുറം | പൊന്നാനി ഫിഷിംഗ് ഹാർബറിലെ അപ്രോച്ച് റോഡ് നേരിട്ട് ദേശീയ പാതയിലേയ്ക്കാണ് പ്രവേശിക്കുന്നത്.<br><br>താനൂർ ഹാർബറിൽ നിന്ന് ദേശീയ പാതയിലേയ്ക്ക് റോഡ് നിർമ്മിച്ചു വരുന്നു. (താനൂർ ഹാർബർ മെയിൻ എൻട്രൻസ് റോഡ് -താനൂർ മുൻസിപ്പാലിറ്റി-186.60 ലക്ഷം)<br><br>പടിഞ്ഞാറേക്കര FLC യിലേക്ക് റോഡ് നിർമ്മിച്ചിട്ടുണ്ട്.<br>(പടിഞ്ഞാറേക്കര ജെട്ടി റിനോവേഷൻ - 38.50 ലക്ഷം) |
| കണ്ണൂർ | ജില്ലയിൽ ആകെ 3 ഹാർബറുകളാണ് ഉള്ളത്. തലായ്, മാപ്പിളബേ, അഴീക്കൽ. അതിൽ തലായ് ഹാർബർ ദേശീയ പാതയോരത്താണ് സ്ഥിതി ചെയ്യുന്നത്. ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന ഇന്റേണൽ റോഡുണ്ട്. മാപ്പിളബേ ഹാർബർ, പി.ഡബ്ല്യൂ.ഡി യുടെ മെക്കാഡം റോഡിന്റെ പാർശ്വ ഭാഗത്ത് സ്ഥിതി ചെയ്യുന്നു. അഴീക്കൽ ഹാർബറിനെ PWD, മെക്കാഡം റോഡുമായി ബന്ധിപ്പിക്കുന്ന 900 മീ. ദൈർഘ്യമുള്ളതും ഗുണനിലവാരമുള്ളതുമായ തീരദേശ റോഡ് നിലവിലുണ്ട്.<br>ഫിഷ് ലാന്റിംഗ് സെന്ററുകളിൽ ന്യൂമാഹി, ധർമ്മടം എന്നിവ നാഷണൽ ഹൈവേയുടെ പാർശ്വ ഭാഗത്ത് തന്നെയാണ്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ച അപ്രോച്ച് റോഡുകൾ നിലവിലുണ്ട്.<br>ചാലിൽ ഗോപാലപ്പേട്ട ഫിഷ് ലാന്റിംഗ് സെന്ററിൽ നിന്ന് 400 മീറ്റർ നീളത്തിൽ തീരദേശ റോഡ് ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നു.<br>പുതിയങ്ങാടി FLC യെ PWD യുടെ മെക്കാഡം റോഡുമായി ബന്ധിപ്പിക്കുന്ന തീരദേശ റോഡ് നിലവിലുണ്ട്.<br>ഏട്ടിക്കുളം FLC യിൽ PWD മെക്കാഡം റോഡിന്റെ സമീപത്താണ്. |

| | |
|---|---|
| കാസർഗോഡ് | നിലവിൽ ചെറുവത്തൂർ ഫിഷിംഗ് ഹാർബറിനെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിന് ദേശീയപാതയുമായി കണക്ഷനുള്ള ചെറുവത്തൂർ-പടന്ന PWD റോഡുമായി (BM&BC) ബന്ധിപ്പിക്കുന്നതിന് കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി ചെറുവത്തൂർ തുരുത്തി ഹാർബർ റോഡിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും (BM&BC) നിലവാരത്തിൽ റോഡ് പ്രവൃത്തി 15/01/2020 ന് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

Sd/-

സെക്ഷൻ ഓഫീസർ

## അനുബന്ധം II

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

കേന്ദ്രാവിഷ്കൃത പദ്ധതികളായ തലായ്(34.79 കോടി രൂപ), കൊയിലാണ്ടി (63.99 കോടി രൂപ), മഞ്ചേശ്വരം (48.8 കോടി രൂപ) ചേറ്റുവ(30.24 കോടി രൂപ), മുതലപ്പൊഴി(31.02 കോടി രൂപ), വെള്ളയിൽ (39.30 കോടി രൂപ), താനൂർ (44.87 കോടി രൂപ), ചെല്ലാനം (50.00 കോടി രൂപ) എന്നീ 8 മത്സ്യബന്ധന തുറമുഖങ്ങൾ കമ്മീഷൻ ചെയ്തു.

**കിഫ്ബി**

കിഫ്ബി ധനസഹായത്തോടെയുള്ള പരപ്പനങ്ങാടി (112.22 കോടി രൂപ), ചെത്തി (97.44 കോടി രൂപ) എന്നീ രണ്ട് പുതിയ മത്സ്യബന്ധന തുറമുഖ പദ്ധതികൾ അനുവദിച്ചിട്ടുണ്ട്.

**നബാർഡ്**

ഹാർബറുകളുടെ നവീകരണത്തിനും വിപുലീകരണത്തിനും നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 120.003 കോടി രൂപയുടെ അനുമതി ലഭ്യമായി. NABARD RIDF XXIII ലെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. NABARD RIDF XXV ലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. NABARD RIDF XXVI ലെ പദ്ധതികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നബാർഡ് XXIII (25.37 കോടി)**

1. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1037.00 ലക്ഷം)
2. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (625.00 ലക്ഷം)
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (650.00 ലക്ഷം)
4. പുതിയാപ്പ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (225.00 ലക്ഷം)

**നബാർഡ് XXV (37.19 കോടി)**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ (1486.32 ലക്ഷം)

| |
|---|
| 2. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ (2233.11 ലക്ഷം) |
| **നബാർഡ് XXVI (57.44 കോടി)** |
| 1. തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (514.00 ലക്ഷം) |
| 2. നീണ്ടകര ഫിഷിംഗ് ഹാർബറിലെ നിലവിലുള്ള ഘടകങ്ങളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാന സൗകര്യ വികസനവും (1000.00 ലക്ഷം) |
| 3. നീണ്ടകര മത്സ്യബന്ധന തുറമുഖത്തിലെ വിപുലീകരണവും ആധുനീകരണവും (ശക്തികുളങ്ങര) (3450.00 ലക്ഷം) |
| 5. കായംകുളം മത്സ്യബന്ധന തുറമുഖത്തിലെ അധിക ബർത്തിംഗ് ഫെസിലിറ്റിയുടെ നിർമ്മാണം (780.00 ലക്ഷം) |
| **ഓഖി ഡെവലപ്പ്മെന്റ് പാക്കേജ്** |
| ഓഖി ഡെവലപ്പ്മെന്റ് പാക്കേജിൽ ഉൾപ്പെടുത്തി 5 മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി 54.70 കോടി രൂപയുടെ അനുമതി ലഭിച്ചു. ആയതിൽ നീണ്ടകര മത്സ്യബന്ധന തുറമുഖ രണ്ടാംഘട്ട വികസനം, മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചു വരികയുമാണ്. |

| | |
|---|---|
| 1. | നീണ്ടകര മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം |
| 2. | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം – ഫേസ് I |
| 3. | കാസർഗോഡ് മത്സ്യബന്ധന തുറമുഖത്തിലെ പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കൽ |
| 4. | കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാംഘട്ട വികസനം- ഫേസ്- 1 |
| 5. | മുനമ്പം മത്സ്യബന്ധന തുറമുഖത്തിലെ വടക്കേ പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കൽ |

സെക്ഷൻ ഓഫീസർ